കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭ – കേന്ദ്രീയ വിദ്യാലയത്തിന്റെ കെട്ടിടം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999-ലെ ചട്ടം 3 സി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

ജി.ഒ.(ആർ.റ്റി)നം.3114/2018/തസ്വഭവ തിരുവനന്തപുരം, തീയതി:10.12.2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) കൊല്ലം ടൗൺ പ്ലാനറുടെ 16.08.2018-ലെ സി/1086/2018 നമ്പർ കത്ത് മുഖ്യനഗരാസൂത്രകന് ലഭിച്ചത്.

2) മുഖ്യനഗരാസൂത്രകന്റെ 18.09.2018-ലെ സി3/8062/18/കെ.ഡിസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം നഗരസഭയിൽ ശക്തിക്കുളങ്ങര വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്ത് 3 നിലകളിലായി 6017.26 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്നതും നിർമ്മാണം പൂർത്തിയായതുമായ കേന്ദ്രീയ വിദ്യാലയത്തിന്റെ വിദ്യാഭ്യാസ കെട്ടിടം ക്രമവൽക്കരിക്കുന്നതിനും പുതിയതായി 886.20 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന ക്വാർട്ടേഴ്സ്, കവേർഡ് സ്റ്റേജ് എന്നിവ നിർമ്മിക്കുന്നതിനും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 സി പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഇളവ് ലഭിക്കുന്നതിന് ജില്ലാ ടൗൺ പ്ലാനർ മുഖേന മുഖ്യനഗരാസൂത്രകന്റെ ശിപാർശ സഹിതം പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമായിരുന്നു.

കാവനാട് കേന്ദ്രീയ വിദ്യാലയത്തിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത് കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ ശക്തിക്കുളങ്ങര വില്ലേജിൽ സർവ്വേ നമ്പർ 640/38, 640/2-5, 640/2-6, 640/2-7, 640/2-8, 640/2-9, 640/2-10, 640/37, 640/5, 640/39, 640/40, 640/41, 640/42, 640/43, 640/44, 640/45, 642/33, 642/34, 642/35, 642/36, 640/36-ൽ ഉൾപ്പെടുന്ന 4 ഏക്കർ 1.15 സെന്റ് വിസ്തൃതി വരുന്ന പ്ലോട്ടിൽ മൂന്ന് നിലകളിലായി 6017.26 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ്.

നിർദ്ദിഷ്ട കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടം 33 പ്രകാരമുള്ള അക്സസ് വിഡ്ത്ത് മാത്രമാണ് ചട്ടലംഘനമായി കാണുന്നതെന്നും ചട്ടപ്രകാരം 6 മീറ്റർ വീതി ആവശ്യമുള്ളിടത്ത് 4 മീറ്റർ മാത്രം ലഭ്യമാണെന്നുള്ളതും വഴി വീതി കൂട്ടുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നതും ആയതിന് സ്റ്റേ നിലനിൽക്കുന്നതുമാണ്. സ്കൂൾ ബസുകൾ, മറ്റു വാഹനങ്ങൾ ധാരാളം കുട്ടികളും കടന്നു പോകേണ്ടതിനാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999 പ്രകാരം ഇതിനാവശ്യമായ വഴി വീതിയായ 6 മീറ്റർ അത്യന്താപേക്ഷിതമാണ്. എന്നാൽ

(തുടർച്ച........2)

നിർമ്മാണം പൂർത്തിയായ സാഹചര്യത്തിലും പഴയ സ്കൂളിൽ നിന്ന് പുതിയ സ്കൂളിലേക്ക് പ്രവർത്തനം മാറ്റേണ്ട സാഹചര്യത്തിലും 3 സി പ്രകാരം രണ്ടു വർഷത്തേയ്ക്ക് ഇളവനുവദിക്കാവുന്നതും ഈ കാലയളവിനുള്ളിൽ വഴി വീതി 6 മീറ്റർ ആക്കേണ്ടതാണെന്നും മുഖ്യനഗരാസൂത്രകൻ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രീയ വിദ്യാലയത്തിന്റെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായ സാഹചര്യത്തിലും പഴയ സ്കൂളിൽ നിന്നും പുതിയ സ്കൂളിലേക്ക് പ്രവർത്തനം മാറ്റേണ്ടതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് 2 വർഷത്തിനകം വഴി 6 മീറ്റർ ആക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിബന്ധനക്ക് വിധേയമായി, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999-ലെ ചട്ടം 3 സി-യുടെ പരിധിയിൽ ഉൾപ്പെടുത്തി 2 വർഷത്തേക്ക് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതു സംബന്ധിച്ച തുടർനടപടികൾ കൊല്ലം നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**സബിത എസ്.ഡി.**
ഡെപ്യൂട്ടി സെക്രട്ടറി

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ.
ടൗൺ പ്ലാനർ, കൊല്ലം.
പ്രിൻസിപ്പൽ, കേന്ദ്രീയ വിദ്യാലയം, കൊല്ലം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി./വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ